കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആളൂർ ഗ്രാമപഞ്ചായത്ത്

## 2017-18

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ(പി.4)340/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020.

ഫോൺ നമ്പർ -0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി: 23.02.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം - ആളൂർ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആളൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-3, 2-5 , ഭാഗം 3 ലെ 3-5, 3-7, 3-10, 3-12, 3-14 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി.4)340/2019 തീയ്യതി : 23.02.2019

# തൃശ്ശൂർ ജില്ലയിലെ ആളൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ആളൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 01.08.2017 മുതൽ 31.7.2018 വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 31.3.18 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സൈമൺ കെ<br><br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.12.18 മുതൽ<br>22.12.2018 വരെ |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീ.ശിവൻ പി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.ബേബി പി വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.സിജു പി ഡാംസൻ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജോയ്സൻ സി.ജെ | ഓഡിറ്റർ |

## നിർവ്വഹണ അധികാരികൾ

| പ്രസിഡന്റ് | കാലയളവ് |
|---|---|
| ശ്രീമതി സന്ധ്യ ആർ എസ് | 1.4.2017 മുതൽ 31.3.2018 വരെ |

| സെക്രട്ടറി | കാലയളവ് |
|---|---|

| | |
|---|---|
| സബിത ജി, സെക്രട്ടറി ഇൻ ചാർജ്ജ് | 01.04.2017 മുതൽ 28.04.2017 വരെ |
| എ ആർ ഉൻമേഷ് | 29.04.2017 മുതൽ 06.06.2017 വരെ |
| റീന ടി ജെ, | 07.06.2017 മുതൽ 14.06.2017 F N വരെ |
| അബ്ദുൾ ഹക്കിം യു | 14.06.2017 AN മുതൽ 09.11.2017 വരെ |
| സബിയ എ വി ,സെക്രട്ടറി ഇൻ ചാർജ്ജ് | 10.11.2017 മുതൽ 16.11.2017 വരെ |
| പി ആർ മോഹൻകുമാർ | 17.11.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസി.സെക്രട്ടറി | സബിയ എ വി, | 01/04/2017 മുതൽ 31/03/2018 വരെ |
| അസി.എൻജിനീയർ | യു.വി ഷാജി | 01/04/2017 മുതൽ 13/10/2017 വരെ |
| | തസ്തിക ഒഴിഞ്ഞ് കിടക്കുന്നു. | 14/10/2017 മുതൽ 25/10/2017 വരെ |
| | സബിയ എ വി | 26/10/2017 മുതൽ 31/03/2018 വരെ |
| വി.ഇ.ഒ., കുഴിക്കാട്ടുശ്ശേരി | ലേഖ.വി.വി. | 01/04/2017 മുതൽ 31/03/2018 വരെ |
| വി.ഇ.ഒ., കല്ലേറ്റുംകര | സന്തോഷ് സി എസ് | 01/04/2017 മുതൽ 31/03/2018 വരെ |
| വി.ഇ.ഒ., ആളൂർ | രാഗി ഏണസ്റ്റ് | 01/04/2017 മുതൽ 31/03/2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോപ്പതി) | ഡോ.റീന മാത്യു | 01/04/2017 മുതൽ 31/03/2018 വരെ |
| കൃഷി ഓഫീസർ | മുഹമ്മദ് ഹാരീസ് | 01/04/2017 മുതൽ 31/03/2018 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.ജോസ് .സി ഐ | 01/04/2017 മുതൽ 31/03/2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഷാലിമ ടി. ഐ | 01/04/2017 മുതൽ 31/03/2018 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.സ്മിത.കെ.കെ | 01/04/2017 മുതൽ 31/03/2018 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.സ്മിത.കെ.കെ | 01/04/2017 മുതൽ 31/03/2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | അനില തെയ്യശ്ശൻചേരി | 01/04/2017 മുതൽ 31/03/2018 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1.3 |
| 4 | സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പ്രകാരം) | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം. | 1.6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1.7 |
| 8 | ക്ഷേമ പദ്ധതികൾ ആഭ്യന്തര നിയന്ത്രണം | 1.8 |
| 9 | ക്യാഷ് പരിശോധന | 1.9 |

| | | |
|---|---|---|
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല | 2.1 |
| 14 | തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല | 2.2 |
| 15 | ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ നിഷ്ക്രിയാവസ്ഥയിൽ-ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിക്കുന്നില്ല | 2.3 |
| 16 | വസ്തുനികുതി തെറ്റായി നിർണ്ണയിക്കുന്നു-ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു | 2.4 |
| 17 | ലൈസൻസ് ഇല്ലാതെ ലൈഫ് സ്റ്റോക്ക് ഫാംമുകൾ പ്രവർത്തിക്കുന്നു. | 2.5 |
| | ഭാഗം 3 | |
| 18 | ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 3.1 |
| 19 | പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി - രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല | 3.2 |
| 20 | കൈപറ്റ് രശീത്,വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. | 3.3 |
| 21 | ഇന്ധന ക്ഷമതാ ടെസ്റ്റ്, മാസാന്ത്യ സംക്ഷിപ്തം എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. | 3.4 |
| 22 | സ്ട്രീറ്റ് ലൈറ്റ്, സ്ട്രീറ്റ് ടാപ്പ് എന്നിവയ്ക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല -പഞ്ചായത്ത് ഫണ്ടിൽ നിന്നും വൻ തുക പാഴാകുന്നു. | 3.5 |
| 23 | തെരുവ് വിളക്ക് ലേബർ ചാർജ്, സാധന സാമഗ്രികൾ വാങ്ങൽ - പദ്ധതി നടത്തിപ്പിലെ വീഴ്ചകൾ സംബന്ധിച്ച്. | 3.6 |
| 24 | ചാത്തൻകുളം ലിഫ്റ്റ് ഇറിഗേഷൻ പൂർത്തീകരണവിവരങ്ങൾ ലഭ്യമല്ല | 3.7 |
| 25 | തുരുമ്പിക്കുളം സ്വിമ്മിങ് പൂളാക്കി മാറ്റൽ പ്രൊജക്റ്റ് ഫലപ്രദമാക്കേണ്ടതാണ്. | 3.8 |
| 26 | കണ്ണിക്കര സോപ്പ് നിർമാണ യൂണിറ്റ് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. | 3.9 |
| 27 | 13നം.അംഗനവാടി ശോചനീയാവസ്ഥ പരിഹരിക്കേണ്ടതാണ്. | 3.10 |
| 28 | പാലിയേറ്റീവ് കെയർ-മരുന്ന് ലഭ്യമായില്ല | 3.11 |
| 29 | ഐ.സി.ഡി.എസ് സൂപ്പർവൈസർ-നടപ്പാക്കിയ പ്രോജക്റ്റുകൾ- പരിശോധന സാധ്യമാകുന്ന രീതിയിൽ വൗച്ചറുകൾ പൂർണമായോ ക്രമമായോ | 3.12 |

| | | |
|---|---|---|
| | ഓഡിറ്റിന് ഹാജരാക്കിയില്ല-ചെലവ് തുക 54,21,615 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | |
| 30 | അംഗൻവാടികൾക്ക് ധാന്യസംഭരണി വാങ്ങൽ - വാങ്ങൽ നടപടി പൂർത്തീകരിക്കാൻ 25 മാസം- നടപടി ക്രമങ്ങളിൽ വീഴ്ച-99,279 രൂപ തടസ്സപ്പെടുത്തുന്നു | 3.13 |
| 31 | ലാപ്പ്ടോപ്പ് വാങ്ങൽ- കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ കണ്ടെത്തുന്നതിൽ ആശയകുഴപ്പം-59,886 രൂപ നഷ്ടം. | 3.14 |
| 32 | വിവാഹധനസഹായം-അധികം നൽകിയ തുക 25,000 രൂപ തിരിച്ചടച്ചു. | 3.15 |
| | ഭാഗം 4 | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 34 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് | 4.3 |
| 36 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 37 | സ്ഥിരനിക്ഷേപം | 4.5 |
| 38 | ഓഡിറ്റ് റിക്കവറി | 4.6 |
| 39 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-7 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4.8 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 |
| 42 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 43 | അനുബന്ധം-1 ഓഡിറ്റ് സംക്ഷിപ്തം | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

30.03.2017 തീയതിയിലെ 293-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 16.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ യഥാക്രമം 176075889, 163493772 രൂപയുമായിരുന്നു. ഇവ യഥാർത്ഥ വരവ് ചെലവ് കണക്കുകളുമായി വളരെയേറെ വ്യത്യാസപ്പെട്ടിരിക്കുന്നു. മുൻകാല വരവ് ചെലവ് കണക്കുകൾ തുലനം ചെയ്ത് വസ്തുതകൾക്ക് നിരക്കുന്നവിധം ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | സ്വീകരിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31-07-2018 | 23.05.2018 | | |

# 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27.06.2018, 28.06.2018 | കെ.എസ്.എ- ടി.എസ്.ആർ (ഇ3) 1150/18(1) തി.12.7.18 |

# 1-4 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,99,49,221 |
| വരവ് | 10,03,73,802 |
| ആകെ | 120323023 |
| ചെലവ് | 108620614 |
| നീക്കിയിരിപ്പ് | 11702409 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 20721000 | 20721000 | 16169766 | 4551234 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 10455611 | 10455611 | 8489546 | 1966065 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 58976 | 58976 | 0 | 58976 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 14916000 | 14916000 | 11490812 | 3425188 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 4624000 | 4624000 | 4623970 | 30 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 9731282 | 9731282 | 9723111 | 8171 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 2533344 | 2533344 | 2508227 | 25117 |
| സാക്ഷരത | | 3017 | 112 | 3129 | | 3129 |
| ദുരിതാശ്വാസനിധി | | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | | | | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 49720 | 959319 | 1009039 | 970441 | 38598 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| TSC | | 6500 | 154674 | 161174 | 125855 | 35319 |
| ICDS | | 276683 | 667681 | 944364 | | 944364 |
| M P FUND | | | 585049 | 585049 | 585049 | 0 |
| PYCKA | | 690100 | | 690100 | 0 | 690100 |
| NMBS | | 72052 | | 72052 | 72052 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| SC Development | | 22223 | | 22223 | | 22223 |
| Ayurvedam | | 0 | 250000 | 250000 | 0 | 250000 |
| MLA Fund | | 0 | 1237342 | 1237342 | 1237342 | 0 |
| Keralolsavam | | 0 | 15000 | 15000 | 15000 | 0 |
| Vimukthi | | 0 | 12500 | 12500 | 0 | 12500 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 300000 | 921425 | 1221425 | 971425 | 250000 |
| | ജില്ലാ പഞ്ചായത്ത് | | 541425 | 541425 | 541425 | 0 |
| ബി ഫണ്ട് | | | | | | |
| തൊഴിൽ രഹിത വേതനം | | | 25920 | 25920 | 25920 | 0 |
| വാർദ്ധക്യകാല പെൻഷൻ | | | 33014800 | 33014800 | 33014800 | 0 |
| കർഷക തൊഴിലാളി പെൻഷൻ | | | 8300100 | 8300100 | 8300100 | 0 |
| അവിവാഹിത പെൻഷൻ | | | 1165500 | 1165500 | 1165500 | 0 |
| വിധവ പെൻഷൻ | | | 19705000 | 19705000 | 19705000 | 0 |
| വികലാംഗ പെൻഷൻ | | | 4849700 | 4849700 | 4849700 | 0 |
| മാര്യേജ് അസിസ്റ്റൻസ് | | | 270000 | 270000 | 270000 | 0 |
| പാഡി പ്രൊഡക്ഷൻ ബോണസ് | | | 236700 | 236700 | 236700 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | | | | | |
| | കാനറ ബാങ്ക് | 5311786 | 17401044 | 22712830 | 20274604 | 2438226 |
| | കോ-ഓപ്പറേറ്റിവ് ബാങ്ക് | 4551332 | 9095302 | 13646634 | 5077118 | 8569516 |
| | ട്രഷറി അക്കൗണ്ട് | | | | | |
| ജനറൽ പർപ്പസ് ഗ്രാന്റ് | ട്രഷറി STSB | 9013593 | 21482938 | 30496531 | 29481520 | 1015011 |
| | J V STSB | 300000 | 1462850 | 1762850 | 2820415 | 1057565 |
| മറ്റിനം | | | | | | |
| ഭവനനിധി | | | 13000 | 13000 | | 13000 |
| TDCB FD | | 521625 | 43034 | 564659 | | 564659 |
| e-payment | | | 135732 | 135732 | 17897 | 117835 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 312 | 106178676 | 179 | 60862277 | 11 | 122 | 57 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 49720 | 959319 | 1009039 | 970441 | 38598 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 12247395 | 12247395 | 12247395 | 0 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 25920 | 44 |
| കർഷകതൊഴിലാളി പെൻഷൻ | 8300100 | 766 |
| വിധവാപെൻഷൻ | 19705000 | 1798 |
| വാർദ്ധക്യകാലപെൻഷൻ | 33014800 | 2975 |
| വികലാംഗപെൻഷൻ | 4849700 | 460 |

അധികം നൽകിയ വിവാഹ ധനസഹായതുക ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് അടവാക്കിയതു ശ്രദ്ധേയമാണ്.

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.12.2018 3.30 പി.എം ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16,620/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ഓരോ ഉദ്യോഗസ്ഥരും ചെയ്യേണ്ട ജോലികൾ സംബന്ധിച്ച് വ്യക്തമായ കാര്യാലയ ഉത്തരവ് തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ളതാണ്. സാമ്പത്തികവർഷം കനറാ ബാങ്കിൽ സ്ഥിരനിക്ഷേപം നടത്തുവാൻ കഴിഞ്ഞിട്ടുള്ളത് ശ്രദ്ധേയമായ കാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ ആസ്തി വർധിപ്പിക്കാനുതകുവാനായി എടുത്ത കമ്മിറ്റി തീരുമാനം പ്രത്യേക പ്രശംസ അർഹിക്കുന്നു. സാമ്പത്തികവർഷം നല്ലൊരു തുക ഓഡിറ്റ് റിക്കവറിയായി സമാഹരിക്കാൻ കഴിഞ്ഞതും പ്രശംസനീയമാണ്. മരാമത്ത് പണികളുടെ നിർവഹണത്തിൽ കരാറുകാരുടെ ബഹിഷ്കരണം ഉണ്ടായിട്ടുകൂടി മറ്റ് ഗ്രാമപഞ്ചായത്തുകളെ അപേക്ഷിച്ച് പ്രൊജക്ടുകൾക്കായി പണം ചെലവിടാൻകഴിഞ്ഞതും കൂടുതൽ തുക ചെലവഴിക്കാൻ കഴിഞ്ഞതും എടുത്തുപറയേണ്ടതാണ്. സ്ഥാപനം ഇപ്പോൾ ഐ.എസ്.ഒ സർട്ടിഫിക്കേഷനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയുമാണ്. തെരുവുവിളക്കുകളുടെ സംയുക്തപരിശോധന ത്വരിതഗതിയിലാക്കി മീറ്റർ റീഡിങ് സമ്പ്രദായവും നടപ്പിലാക്കുകയാണെങ്കിൽ അത് സ്ഥാപനത്തിന്റെ സാമ്പത്തികസ്ഥിതിയിൽ ഗുണപരമായ മാറ്റം സൃഷ്ടിക്കുമെന്നുള്ള കാര്യം തർക്കമറ്റ കാര്യമാണ്. പൊതുടാപ്പുകളുടെ സംയുക്തപരിശോധനയും എത്രയും വേഗം നടപ്പാക്കി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. വസ്തു നികുതി, വാടക എന്നിവയിലെ കുടിശ്ശികകൾ സമാഹരിച്ചാൽ അത് സ്ഥാപനത്തിന് നല്ല മുതൽക്കൂട്ടാവുന്നതാണ്. തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ ഒഴിവാക്കാനാവശ്യമായ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുകയാണെങ്കിൽ അത് ആഭ്യന്തരനിയന്ത്രണ സംവിധാനത്തെ കൂടുതൽ ശക്തമാക്കുന്നതാണ്. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചാൽ അത് സംരക്ഷണ പദ്ധതികൾക്ക് വളരെയേറെ പ്രയോജനപ്രദമാകുന്നതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.11.2018 to 24.11.2018 | 10/18 | 29.10.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.07.2016 | 2011-12 to 2015-16 | 06.09.2016 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി സി ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും സാംഖ്യ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ വാർഷികകണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷിക കണക്കുകളും ഡി സി ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

| | ഡിമാന്റ് | കളക്ഷൻ | നീക്കിയിരിപ്പ് |
|---|---|---|---|
| റസിഡൻഷ്യൽ തൻവർഷം | | | |
| വാർഷിക കണക്കുപ്രകാരം | 4494495 | 4333813 | |
| സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി | 4494495 | 4138361 | |
| നോൺ റസിഡൻഷ്യൽ തൻവർഷം | | | |
| വാർഷിക കണക്കുപ്രകാരം | 3737814 | 3229974 | |
| സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി | 3737814 | 3430576 | |
| റസിഡൻഷ്യൽ കുടിശ്ശിക | | | |
| വാർഷിക കണക്കുപ്രകാരം | 6192936 | 1870648 | |

| | | | |
|---|---|---|---|
| സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി | 1736127 | 1614925 | |
| നോൺ റസിഡൻഷ്യൽ കുടിശ്ശിക | | | |
| വാർഷിക കണക്കുപ്രകാരം | Nil * | 2396461 | |
| സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി | 2932348 | 2633175 | |

*2016-17ലെ ബാലൻസ് ഷീറ്റ് പ്രകാരം (Res+Non Res)കുടിശ്ശിക ഡിമാന്റ് 6192936രൂപയും സഞ്ചയ ഡി.സി.ബി. പ്രകാരം കുടിശ്ശിക ഡിമാന്റ് തുക (1736127+ 2932348) 4668475/- രൂപയുമാണ്. മുൻവർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ നിന്നും ഈ വർഷത്തെ കുടിശ്ശിക ഡിമാന്റിൽ 1524461 രൂപയുടെ കുറവ് വന്നിട്ടുണ്ട്.

3. ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട് 1-18(prior period item) പ്രകാരം 280100101property tax on res-building എന്ന ശീർഷകത്തിൽ 4029472 രൂപയും , 280100102 profession tax -Institutions /Traders എന്ന ശീർഷകത്തിൽ 60780 രൂപയും 280100104 property tax on non-res-building എന്ന ശീർഷകത്തിൽ (2779880) രൂപയും280200102 Rent from lease of lands എന്ന ശീർഷകത്തിൽ 15373 രൂപയും ,280200401 Other Incomes (15,000)രൂപയും ,280800201 Administraative expenses എന്ന ശീർഷകത്തിൽ (265) രൂപയും രേഖപ്പെടുത്തിയിട്ടുണ്ട് . ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും വരുമാനമായി ക്രമീകരിച്ചരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ഇല്ല.

4.ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

5.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടക ഇനത്തിലും കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി ,നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 ,കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

6.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

7.ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം Net Increase in cash and cash equivalents ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8246812 രൂപയാണ്.എന്നാൽ Net cash generated by operating Investing Financing activity ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2212684 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

8.Rp-40(b)Bank പ്രകാരം TDCB FD എന്ന ഹെഡിൽ 564659 രൂപ നീക്കിയിരിപ്പ് കാണുന്നു . പരിശോധനയിൽ ഇത് സ്ഥിരനിക്ഷേപമെന്ന് ബോധ്യപ്പെട്ടു. ഇത് Investment Head ലേക്ക് മാറ്റി അക്കൗണ്ട് ചെയ്യേണ്ടതാണ്.

9.Profession tax(Institutions/Traders ) മുൻവർഷ വാർഷിക കണക്കുപ്രകാരമുള്ള തുക 60780രൂപ ഈ വർഷം ഈടാക്കുകയോ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

*1.12.1വാർഷിക ഓഡിറ്റിൽ വാർഷികകണക്കിൽ കണ്ടെത്തിയ അപാകതകൾ*

1.12.1.1മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അങ്കണവാടി നിർമാണം-റവന്യൂചെലവ് ആയി ഉൾപ്പെടുത്തി.

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി അങ്കണവാടി നിർമാണത്തിന് 893956/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്നതാണ്. പ്രോജക്ടിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | അളവ് പുസ്തകം | ചെലവ് തുക |
|---|---|---|---|
| 1. | അങ്കണവാടി നമ്പർ 119 നിർമാണം | 216/MNREGS /2017-18 പേജ് ,81 | 8,93,956 |

ഈ തുക പഞ്ചായത്തിന്റെ വാർഷികകണക്കിൽ ബാലൻസ്ഷീറ്റിൽ "312100101 -Capital contribution" എന്ന ബാധ്യത ശീർഷകത്തിലും "410200199-Buiding-Others" എന്ന ആസ്തി ശീർഷകത്തിലുമാണ് ഉൾപ്പെടുത്തേണ്ടിയിരുന്നത്.

എന്നാൽ ഈ തുകകൾ കൂടി ഉൾപ്പെടുന്ന 2017-18 ലെ ആകെ EFMSചെലവ് തുക (ഭരണ ചെലവ് ഒഴികെ) യായ 1,30,78,395 രൂപ "160100601-National Rural Employment Guarantee Act scheme (NREGA)" എന്ന വരുമാന ശീർഷകത്തിലും "251300801- Total Poverty Alleviation Programs-General"എന്ന റവന്യൂ ചെലവ് ശീർഷകത്തിലും ഉൾപ്പെടുത്തുകയുമാണ് ചെയ്തിരിക്കുന്നത്.(ജേണൽ വൌച്ചർ നമ്പർ 41700161 തീ 31/3/2018).

ഇപ്രകാരം ചെയ്തതിനാൽ 31.03.2018 ലെ പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റിലെ ആസ്തി -ബാധ്യതകൾ 8,93,956രൂപ കുറവായി രേഖപ്പെടുത്തിയിരിക്കുന്നു. 2017-18ലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ വരുമാനവും ചെലവും 8,93,956 രൂപ കൂടുതലായും രേഖപ്പെടുത്തിയിരിക്കുന്നു. ഓഡിറ്റ് എൻക്വയറി 2 തീ 13/12/2018 ൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ശേഷം 2018-19 വർഷത്തിൽ ഈ അപാകത പരിഹരിച്ചിട്ടുണ്ട്.

1.12.1.2വാർഷിക കണക്കുകൾ -ഗുണഭോക്താക്കൾ നേരിട്ട് വഹിക്കുന്ന ഗുണഭോക്തൃവിഹിതം വരുമാനമായും ചെലവായും ഉൾപ്പെടുത്തി-സാങ്കല്പിക വരുമാനം, ചെലവ് ആയി 6,00,000 രൂപ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ഉൾപ്പെടുത്തി.

പ്രോജക്ട് 184/18 – പട്ടികജാതി യുവാക്കൾക്ക് സ്വയം തൊഴിലിന് ഓട്ടോറിക്ഷ -പിക് അപ്പ് വാൻ നല്കൽ

വകയിരുത്തൽ ;

| ഒരു ഗുണഭോക്താവിന് അർഹമായ സബ്സിഡി | ഗുണഭോക്താവ് നേരിട്ട് വഹിക്കേണ്ട തുക | ആകെ | 3 ഗുണഭോക്താക്കൾക്ക് ആകെ അടങ്കൽ |
|---|---|---|---|
| 50,000 | 2,00,000 | 2,50,000 | 7,50,000 |

ചെലവ്;

| ക്രമ നം. | ബിൽ നമ്പർ | തീയ്യതി | തുക | വൗച്ചർ നമ്പർ | തീയ്യതി | ശീർഷകം | ഇനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1. | 17 | 22/1/2018 | 1,50,000 | 21701408 | 23/12/2018 | 250301502-Service enterprises-SCP | 3 ഗുണഭോക്താക്കൾക്ക് 50,000 രൂപ നിരക്കിൽ വാഹനം വാങ്ങുന്നതിന് സബ്സിഡി |

മേൽ പ്രകാരം 3 ഗുണഭോക്താക്കൾക്ക് 50,000 രൂപ നിരക്കിൽ വാഹനം വാങ്ങുന്നതിന് സബ്സിഡി നൽകിയിട്ടുണ്ട്. ഇത് "250301502-Service enterprises-SCP"എന്ന ശീർഷകത്തിലാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്.(വരുമാനം എസ്.സി -വികസനഫണ്ട്)

ഈ പ്രോജക്ട് പ്രകാരം 3 ഗുണഭോക്താക്കൾ വായ്പയായോ സ്വന്തം വിഹിതമായോ ആർജ്ജിക്കേണ്ട തുക 2,00,000 രൂപ നിരക്കില് 6,00,000 രൂപയാണ്. ഈ തുക പഞ്ചായത്തിൽ അടക്കേണ്ടതില്ല. ഗുണഭോക്താക്കൾ വാഹനം വാങ്ങിയതിനാൽ പ്രോജക്ട് പ്രകാരമുള്ള ആകെ ചെലവ് രേഖപ്പെടുത്തുന്നതിന്, ഇപ്രകാരം ഗുണഭോക്താക്കൾ നേരിട്ടോ വായ്പയോയോ ആർജ്ജിച്ചതെന്ന് കരുതപ്പെടുന്ന തുകയായ 6,00,000 രൂപ പഞ്ചായത്തിന്റെ വരുമാനമായും ചെലവായും രേഖപ്പെടുത്തിയിരിക്കുന്നു."160300206-Beneficiary Contribution"എന്ന ഇനത്തിൽ വരുമാനവും "251600802-General ecnomic services -other than plan expenditure-SCP "എന്ന ഇനത്തിൽ ചെലവുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. (ജേണൽ വൌച്ചർ നമ്പർ 41700130).

എന്നാൽ ഈ തുക പഞ്ചായത്തിൽ ഗുണഭോക്താക്കൾ അടക്കുന്നതു മൂലം ലഭിക്കുന്ന/ലഭിച്ച തുകയോ, പഞ്ചായത്തിന് അക്രൂ ചെയ്ത തുകയോ, പഞ്ചായത്തിന് വേണ്ടി ഒരു കക്ഷി മൂന്നാം കക്ഷിക്കുവേണ്ടി നൽകുന്ന തുകയോ അല്ല. പഞ്ചായത്ത് നൽകുന്ന സബ്സിഡി തുകയിലൂടെ ഗുണഭോക്താവ് ആർജ്ജിക്കുന്ന ആസ്തിയുടെ മൂല്യം പഞ്ചായത്തിന്റെ വാർഷികകണക്കിൽ ചേർക്കുന്നതിനാൽ പഞ്ചായത്തിന്റെ ഇൻകം&എക്സ്പെൻഡിച്ചർ പത്രിക യിൽ സാങ്കല്പിക വരുമാനവും ചെലവും രേഖപ്പെടുത്തുന്നു. ഇപ്രകാരം വാർഷികകണക്കുകളിലെ തുകകൾ സ്ഥാപനത്തിന്റെ യഥാർത്ഥപ്രവർത്തനം വെളിപ്പെടുത്തുന്നതിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നതായി ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു.(ഓഡിറ്റ് എൻക്വയറി16 തീ 21/12/2018)

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല

1.ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 1397 സ്ഥാപനങ്ങളുണ്ട്. എന്നാൽ ഡി&ഒ ലൈസൻസിന് അപേക്ഷ നൽകുന്നത് 791 സ്ഥാപനങ്ങളാണ്. ആയതിനാൽ ഡി&ഒ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2.ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 1397 സ്ഥാപനങ്ങളുണ്ട്. എന്നാൽ ഡി&ഒ ലൈസൻസിന് അപേക്ഷ നൽകുന്നതും, സ്ഥാപന തൊഴിൽ നികുതി അടവാക്കുന്നതും 791 സ്ഥാപനങ്ങളാണ്. 606 സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കുന്നില്ല.

3.ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 60 ൽ കൂടുതൽ കോഴി, ആട്, പശു ഫാമുകൾ ഉള്ളതായി കാണുന്നു. എന്നാൽ പത്തിൽ താഴെ ഫാമുകൾ മാത്രമാണ് ലൈസൻസ് എടുത്തതായി കാണുന്നത്. ആയതിനാൽ ഡി&ഒ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന ഫാമുകൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഇക്കാര്യം ചർച്ച ചെയ്ത് തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ

സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല

1.2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.9 നൽകിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

2.ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തു വരുന്ന താത്കാലിക ജീവനക്കാർ, അങ്കണവാടി ടീച്ചർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തുവരുന്ന എല്ലാവരും ചട്ടപ്രകാരമുള്ള തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.9 നൽകി, ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് മറുപടി നൽകിയത്. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തു വരുന്ന താത്കാലിക ജീവനക്കാർ, അംഗൻവാടി ടീച്ചർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

3.ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചു വരുന്ന ഒരേ സ്ഥാപനത്തിന്റെ വ്യത്യസ്ത ബ്രാഞ്ചുകളിൽ നിന്നും ഓരോന്നിനും പ്രത്യേകം സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല. ഉദാ: 1.ബാങ്കുകളുടെ വിവിധ ബ്രാഞ്ചുകൾ 2.പ്രൈവറ്റ് ഫിനാൻസ് സ്ഥാപനങ്ങൾ. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.9 നൽകി, ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് മറുപടി നൽകിയത്. ആയതിനാൽ ഒരേ സ്ഥാപനത്തിന്റെ വ്യത്യസ്ത ബ്രാഞ്ചുകളിൽ നിന്നും ഓരോന്നിനും പ്രത്യേകം സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

4.സ്ഥാപന തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഉദാ. 1.ബി.എസ്.എൻ.എൽ 2.മുത്തൂറ്റ് ഫിൻകോർപ്പ്, കൊമ്പിടി, 3.ടാൻടെക് റബേഴ്സ് 4.എ.ജെ ഇൻഡസ്ട്രീസ് 5.സോനം ഫുഡ് ഇൻഡസ്ട്രീസ് 6.ഡെക്കർ കോട്ടിംഗ്സ് 7.സപ്ലൈകോ,കല്ലേറ്റുംകര

## 2-3 ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ നിഷ്ക്രിയാവസ്ഥയിൽ-ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ പറയുന്ന ആസ്തികൾ ഉള്ളതായി കാണുന്നു

| ക്രമ നം. | ആസ്തിയുടെ പേര് | വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 1 | കല്ലേറ്റുംകര മാർക്കറ്റ് | 86 ച.മീ |
| 2 | ആളൂർ മാർക്കറ്റ് | 64.7 ച.മീ |
| 3 | കൊമ്പൊടിഞ്ഞാമക്കൽ മാർക്കറ്റ് | 64.7 ച.മീ |
| 4 | പുരയിടം | 89 ച.മീ |
| 5 | പുരയിടം | 82 ച.മീ |
| 6 | വ്യവസായ ഉത്പന്ന സംഭരണ കേന്ദ്രം | 18.16 ച.മീ |

| | | |
|---|---|---|
| 7 | താഴെക്കാട് വനിത വ്യവസായ എസ്റ്റേറ്റ് | 36 ച.മീ<br>56 ച.മീ |
| 8 | വനിത ഹോളോബ്രിക്സ് യൂണിറ്റ് | 102 ച.മീ |
| 9 | വ്യവസായ പാർക്ക്, കണിക്കര | 360 ച.മീ |
| 10 | കംഫർട്ട് സ്റ്റേഷൻ | 42 ച.മീ |

ഈ ആസ്തികളെല്ലാം നിഷ്ക്രിയാവസ്ഥയിലാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇതേക്കുറിച്ച് ചർച്ച നടത്തുകയോ, ആസ്തികളുടെ ഉദ്ദേശ്യ ലക്ഷ്യം യഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 18 നൽകിയെങ്കിലും, മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ആസ്തികളുടെ ഉദ്ദേശ്യ ലക്ഷ്യം യഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **2-4** വസ്തുനികുതി തെറ്റായി നിർണ്ണയിക്കുന്നു-ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

2017-18 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചതായി കാണുന്നു

| ക്രമ നം. | ആസ്തിയുടെ പേര് | വിസ്തൃതി (ച.മീ) |
|---|---|---|
| 1 | 564/C | 43.89 |
| 2 | 564/D | 48.29 |
| 3 | 564/E | 44.59 |
| 4 | 564/F | 17.65 |
| 5 | 564/G | 40.30 |
| 6 | 564/H | 73.76 |
| 7 | 564/I | 32.20 |
| 8 | 564/J | 27.16 |
| 9 | 564/K | 39.83 |
| 10 | 564/L | 24.79 |
| 11 | 564/M | 122.40 |

മേൽ പറഞ്ഞ കെട്ടിടങ്ങൾക്ക് നമ്പർ എടുത്തിരിക്കുന്നത് വലിയകത്ത് വാപ്പു മകൻ അബ്ദുൾ ഖാദർ, കൊമ്പൊടിഞ്ഞാമക്കൽ എന്നയാളാണ്. മൊത്തം 514.98 ച.മീ വിസ്തീർണ്ണമുണ്ട്. ഈ കെട്ടിടങ്ങൾക്ക് 100 ച.മീ താഴെയുള്ള ഷോപ്പുകൾക്ക് നൽകുന്ന വസ്തുനികുതിയുടെ നിരക്ക് നൽകിയാണ്(45/-രൂപ/ച.മീ) വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ 100 ച.മീ മുകളിലുള്ള ഷോപ്പുകൾക്ക് നൽകുന്ന വസ്തുനികുതിയുടെ നിരക്ക് (55/- രൂപ/ച.മീ) നൽകിയാണ് വസ്തുനികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. ഓഡിറ്റ് എൻക്വയറി 22/22.12.18 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 2017-18 സാമ്പത്തിക വർഷത്തിൽ കെട്ടിട നമ്പർ അനുവദിച്ച മറ്റ് ഉദാ. കൂടി താഴെ ചേർക്കുന്നു.

| ക്രമ | ആസ്തിയുടെ | ഉടമസ്ഥന്റെ പേര് | വിസ്തൃതി |
|---|---|---|---|

| നം. | പേര് | | (ച.മീ) |
|---|---|---|---|
| 1 | 31/C | പ്രാതപൻ&രഘുരാജ്, കോതകുളങ്കര വീട് | 37.59 |
| 2 | 31/D | ,, ,, | 21.24 |
| 3 | 31/E | ,, ,, | 48.32 |
| 4 | 31/F | ,, ,, | 29.36 |
| 1 | 215/B | പൊറ്റക്കൽശങ്കരൻ മകൻ രവി | 40.30 |
| 2 | 215/C | ,, ,, | 73.76 |
| 3 | 215/D | ,, ,, | 32.20 |
| 4 | 215/E | ,, ,, | 27.16 |
| 5 | 215/F | ,, ,, | 39.83 |

ഇതുമൂലം ഗ്രാമപഞ്ചായത്തിന് തനതു വരുമാനത്തിൽ വലിയ നഷ്ടം ഉണ്ടാകുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ഇത്തരത്തിൽ കെട്ടിട നമ്പർ അനുവദിച്ച എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-5 ലൈസൻസില്ലാതെ ലൈവ്സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ താഴെക്കാട് വില്ലേജ് 554/2 സർവെ നമ്പറിൽ 0.067 ഹെക്ടർ സ്ഥലത്ത് ശ്രീ.ഫ്രാൻസിസ് ചാതേലി എന്നവരുടെ ഉടമസ്ഥതയിലുള്ള പശുത്തൊഴുത്തിൽ എട്ട് പശുക്കളെയും പരിസരത്തായി നാലു പശുക്കളെയും ഗ്രാമപഞ്ചായത്തിലെ തേഡ് ഗ്രേഡ് ഓവർസിയർ ശ്രീമതി.പി.കെ സിന്ധു എന്നിവരുടെ സാന്നിദ്ധ്യത്തിൽ 21/12/18 ന് നടത്തിയ സ്ഥലപരിശോധനയിൽ കണ്ടു. ഗ്രാമപഞ്ചായത്തിലെ A08/18 നം. ഫയൽ പ്രകാരം 14/11/18ന് പ്രസ്തുത സ്ഥലത്ത് 45.20$m^2$ വിസ്തീർണത്തിൽ പശുത്തൊഴുത്ത് പണിയുന്നതിനായി സംസ്ഥാനമലിനീകരണനിയന്ത്രണബോർഡിന്റെ ജില്ലാ കാര്യലയത്തിലേക്ക് കത്തയച്ചിട്ടുള്ളതാണ്. നടപടികൾ എത്രയും വേഗം പൂർത്തിയാക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

വൗച്ചർ നം.21700354 dtd.28.6.17. 115000/-(തനത് ഫണ്ട്)

വൗച്ചർ നം.21700353 dtd.28.6.17. 129674/-(ശുചിത്വ മിഷൻ ഗ്രാന്റ്)

മേൽ വൗച്ചറുകൾ പ്രകാരമുള്ള തുക മഴക്കാലപൂർവ്വ പ്രതിരോധ പ്രവർത്തനങ്ങൾ ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടത്തുന്നതിനായി പി.എച്ച്.സി. മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്.എന്നാൽ തുക ചെലവഴിച്ചതിന്റെ ചെലവ് രേഖകൾ.വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 244674/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി - രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല.

പ്രോജക്ട് നം. SO026/18.

ട്രഷറി ബിൽ നം.3/2017-18 dtd.27.2.18. 312500/-

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ 50 ഗുണഭോക്താക്കൾക്ക് വേണ്ടി വികസന ഫണ്ടിൽ നിന്നും 6250/-രൂപ നിരക്കിൽ മൊത്തം 312500/- SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. കല്ലേറ്റുംകര ക്ഷീരസംഘത്തെയാണ് കാലിതീറ്റ വിതരണത്തിനായി തിരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ ആപേക്ഷകൾ, കന്നുകുട്ടി ജനന രജിസ്റ്റർ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. നിലവിൽ മൂന്ന് ഗുണഭോക്താക്കൾ പദ്ധതിയിൽ തുടരുന്നില്ല. ടി ഗുണഭോക്താക്കൾക്ക് ആനുവദിച്ച തുക കുറവ് ചെയ്യേണ്ടതും പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. മുകളിൽ പറഞ്ഞിരിക്കുന്ന രേഖകൾ ഹാജരാക്കുന്നതുവരെ 312500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 കൈപറ്റ് രശീത്,വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ കൈപ്പറ്റ് രശീത്,വിനിയോഗ/പൂർത്തികരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്,നമ്പർ | ട്രഷറി ബിൽ നമ്പർ, തിയതി, തുക | ആർക്ക് നൽകി | റിമാർക്ക്സ്. |
|---|---|---|---|---|
| 1 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ SO167/18 | 15/2017-18 dtd.26.10.17 1090000/- 16/2017-18 dtd.26.10.17 974000/- | കേരള വാട്ടർ ആതോറിറ്റി പി.എച്ച്. ഡിവിഷൻ ഇരിങ്ങാലക്കട | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 2 | തെരുവ് വിളക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽSO146/18 | 14/2017-18 20.10.17. 518000/- 17/2017-18 28.10.17. 1500000/- 20/17-18. 11.1.2018. 450045/- | ഇല.സെക്ഷൻ - ചാലക്കുടി, കൊടകര, കൊമ്പൊടിഞ്ഞാമാക്കൽ | - ടി - |
| 3 | സ്ട്രീറ്റ് ലൈറ്റ് മീറ്റർ സ്ഥാപിക്കൽ | 21/17-18. | ഇല.സെക്ഷൻ. കൊമ്പൊടിഞ്ഞാമാക്കാൽ, | - ടി - |

| | | | | |
|---|---|---|---|---|
| | SO322/18. | 20.10.17.<br>434600/-<br>22/17-18.<br>11.1.18.<br>204820/- | ചാലക്കുടി. | |
| 4 | ഐ.കെ.എം. വിഹിതം നൽകൽ<br>SOO4/18 | 6/2017-18<br>23.8.17.<br>110000/- | IKM<br>തിരുവനന്തപുരം | -ടി - |
| 5 | ഭിന്നശേഷിക്കാർക്ക് റിസോഴ്സ് സെന്റർ<br>SO178/18 | 10/2017-18.<br>3.10.17.<br>50000/- | ജില്ലാ പഞ്ചായത്ത്<br>തൃശ്ശൂർ | കൈപ്പറ്റ് രശീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| 6 | ഐ.എം.എ ബ്ലഡ് ബാങ്ക്<br>SO177/18 | 11/2017-18.<br>3.10.17.<br>100000/- | ജില്ലാപഞ്ചായത്ത്, തൃശ്ശൂർ | -ടിഃ |

രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 5431465/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ഇന്ധന ക്ഷമതാ ടെസ്റ്റ്,മാസാന്ത്യ സംക്ഷിപ്തം എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്ത് വാഹനമായ KL-45.B-5394 ജീപ്പിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ മൈലേജ് ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല. കൂടാതെ ഇന്ധന ഉപഭോഗം സംബന്ധിച്ച മാസാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല. ഇന്ധനക്ഷമതാ ടെസ്റ്റ് എല്ലാ വർഷവും കൃത്യ സമയത്തു നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിച്ചിരിക്കേണ്ടതുമാണ്. ഇന്ധനത്തേയും അറ്റകുറ്റപ്പണികളേയും സംബന്ധിച്ചുള്ള വിവരങ്ങൾ ലോഗ്ബുക്കിൽ യഥാ സമയം രേഖപ്പെടുത്തേണ്ടതാണ്. തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുള്ള സംക്ഷിപ്തകുറിപ്പ് ലോഗ് ബുക്കിൽ തൻമാസം അവസാനത്തെ ദിവസം തന്നെ രേഖപ്പെടുത്തേണ്ടതാണ്. വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച് സർക്കുലർ നം.41/2008/ധനം.02/08/2008ലെ നിബന്ധനകൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

## 3-5 സ്ട്രീറ്റ് ലൈറ്റ്, സ്ട്രീറ്റ് ടാപ്പ് എന്നിവയ്ക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല -പഞ്ചായത്ത് ഫണ്ടിൽ നിന്നും വൻ തുക പാഴാകുന്നു.

സ്ട്രീറ്റ് ലൈറ്റ്, സ്ട്രീറ്റ് ടാപ്പ് എന്നിവയ്ക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താതിനാൽ പഞ്ചായത്ത് ഫണ്ടിൽ വൈദ്യുതി,വെള്ളക്കരം ഇനത്തിൽ വൻതുക പാഴ് ചെലവാകുന്നു.വൈദ്യുതി ചാർജിനത്തിൽ കൺസ്യൂമർ നമ്പർ 13246 കൊടകര ഡിവിഷനിൽ താരിഫ് കുടിശ്ശിക ഉൾപ്പെടെ3174798/- രൂപയും കൺസ്യൂമർ നമ്പർ 5796 ഇരിങ്ങാലക്കുട ഡിവിഷനിൽ 122487/- രൂപയുമുൾപ്പെടെ മൊത്തം 3297285/- രൂപ 2017-18 വർഷത്തിൽ സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ് ഇനത്തിൽ ആടവാക്കിയിട്ടുണ്ട്.സർക്കുലർ നം.65529/ഡി.സി3 /12തസ്വഭവ 12.32013നടപടിക്രമം പാലിക്കേണ്ടതാണ്. ഉപയോഗിക്കുന്ന തെരുവ് വിളക്കുകളുടെ വൈദ്യുതി

ചാർജ് മാത്രമെ ആടവാക്കുന്നുള്ളു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. രജിസ്റ്റർ പരിശോധിച്ചതിൽ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ 667 ടാപ്പുകൾക്ക് വെള്ളക്കരമിനത്തിൽ 9 മാസം 283500/- രൂപ നിരക്കിൽ 2551500/- രൂപയും അവസാന 3 മാസം 291813/- രൂപ നിരക്കിൽ 875439/- രൂപയും ഉൾപ്പെടെ മൊത്തം 3426939/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. സ.ഉ.(സാ) നം.1275/2009 /തസ്വഭവ.dtd.30.5.2009 പ്രകാരം ഉപയോഗിക്കുന്ന ജലത്തിന് മാത്രമെ പണം നൽകുന്നുള്ളുവെന്ന് ഉറപ്പ് വരുത്തണം. ആയതിന് ഗ്രാമപഞ്ചായത്ത് എല്ലാ പൊതുടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിലുള്ള സർക്കാർ ഉത്തരവുകൾ, സർക്കുലർ പാലിച്ചുകൊണ്ട് സ്ട്രീറ്റ് ടാപ്പ്, സ്ട്രീറ്റ് ലൈറ്റ് എന്നിവയ്ക്ക് മീറ്ററീംഗ് സമ്പ്രദായം ഏർപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 തെരുവ് വിളക്ക് ലേബർ ചാർജ്, സാധന സാമഗ്രികൾ വാങ്ങൽ - പദ്ധതി നടത്തിപ്പിലെ വീഴ്ചകൾ സംബന്ധിച്ച്.

പ്രോജക്ട് നം. S0147/18

ആടങ്കൽ - 10 ലക്ഷം.(തനത് ഫണ്ട്)

മേൽ പ്രോജക്റ്റിൽ ലേബർ ചാർജ് ഇനത്തിൽ 5 ലക്ഷം രൂപയും സാധന സാമഗ്രികൾ വാങ്ങുന്നതിന് 5 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം ലേബർ ചാർജ് ഇനത്തിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ ശ്രീ.പ്രവീൺ .കെ.പി എന്നയാൾക്ക് കരാർ ഉറപ്പിച്ചു നല്കി. ടിയാൾ 4/2017-18 dtd.16.6.17 നമ്പർ പ്രകാരം പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ ടീയാൾ പ്രവൃത്തി പൂർത്തികരിക്കാതെ പാതിവഴിയിൽ ഉപേക്ഷിച്ചു. എന്നാൽ ടിയാനിൽ കരാർ ലംഘനം നടത്തിയതിന് നഷ്ടപരിഹാരം ഈടാക്കാതെ റീ-ടെണ്ടർ ക്ഷിക്കുകയും ശ്രീ.ജയൻ എന്നയാൾക്ക് കൂടിയ നിരക്കിൽ കരാർ ഉറപ്പിച്ച് നൽകുകയും ചെയ്തു. ആദ്യ ടെണ്ടറിൽ സെക്കന്റ് ലോവസ്റ്റ് രേഖപ്പെടുത്തിയ ശ്രീ ജയനുമായി നെഗോഷ്യേറ്റ് ചെയ്യാതെ തിടുക്കത്തിൽ റീടെണ്ടർ ചെയ്യുക വഴി പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

സാധന സാമഗ്രികൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷിച്ചതിൻ പ്രകാരം ഇലക്ട്രോമെറ്റ് ട്രേഡിംഗ്, നാഷണൽ ട്രേഡേഴ്സ് എന്നി സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഇലക്ട്രോമെറ്റ് ട്രേഡിംഗ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കാതെ എഡിസൺ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിന് റി- ടെണ്ടറിലൂടെ കരാർ ഉറപ്പിച്ച് നൽകി. ലേബർ ചാർജ് ഇനത്തിലും, സാധന സാമഗ്രികൾ വാങ്ങിയതിലും താഴ്ന്ന നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ നിരസിച്ചതിനും റീ ടെണ്ടർ നടത്തിയതിനും മതിയായ കാരണങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെപറയുന്നവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പരാതി രജിസ്റ്റർ, KSEBയുടെ സമ്മതപത്രം, കേടായതും ഉപയോഗശൂന്യവുമായ സാധങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ സ്ക്രാപ്പ് രജിസ്റ്റർ, പ്രോജക്ട് പൂർത്തികരണ സാക്ഷ്യപത്രം, മോണിട്ടറിഗ് സമിതി റിപ്പോർട്ട് എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ലേബർചാർജ് ഇനത്തിലും സാധന സാമഗ്രികൾ വാങ്ങിയ ഇനത്തിലും ചെലവഴിച്ച തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

vr.no.21700843.dtd.24.10.17. 104199/- (praveen)

vr.no.21700844.dtd.24.10.17. 25547/- (praveen)

vr.no.21701309.dtd.31.1.18. 215860/-(jayan)

vr.no.21701814.dtd.28.3.18. 118087/(do)

vr,no.21701875. Dtd.59677/- 59677/- (do)

material purchased.

vr.no.21700364.dtd.30.6.17. 116955/ (edison electronics)

vr.no.21701307.dtd.31.1.18. 115500/-( do)

Vr.no.21701308.dtd.31.1.18. 202634/- (do) – ആകെ 9,58,459/- രൂപ

പ്രോജക്ട് നടത്തിപ്പിലെ വീഴ്ചകൾക്ക് മതിയായ വിശദീകരണം നൽകേണ്ടതാണ്.

## 3-7 ചാത്തൻകുളം ലിഫ്റ്റ് ഇറിഗേഷൻ പൂർത്തീകരണവിവരങ്ങൾ ലഭ്യമല്ല

മേൽപദ്ധതിയ്ക്കായി മോട്ടോർ പമ്പ് സെറ്റ് വാങ്ങി സ്ഥാപിച്ചതിന് 264100 രൂപയും റെമ്യൂണറേഷനായി 10602 രൂപയും കെ.എസ്.ഇ.ബി.കണക്ഷനുവേണ്ടി 229403 രൂപയുമടക്കം മൊത്തം 504105 രൂപ സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രൊജക്റ്റ് ഇതുവരെ കമ്മീഷൻ ചെയ്തിട്ടില്ല.

കെ.എസ്.ഇ.ബി ആളൂർ സെക്ഷൻ അസി.എൻജിനീയറുടെ 15/12/17ലെ കത്തിൽ ലൈൻ എക്സ്റ്റൻഷൻ ചെലവായി 212903, ക്യാഷ് ഡെപ്പോസിറ്റ് 2200 രൂപ, സർവീസ് കണക്ഷൻ 14300 രൂപ എന്നി ആവശ്യപ്പെട്ടതുപ്രകാരമാണ് ബിൽ നം.73/29/12/17 പ്രകാരം 504105 രൂപ പിൻവലിച്ചത്.

അപാകതകൾ

1)ഈ പ്രവത്തിയുടെ സാങ്കേതികാനുമതി പ്രകാരം കെ.എസ്.ഇ.ബി കണക്ഷനുവേണ്ടി വകയിരുത്തിയത് ഒന്നരലക്ഷം രൂപയായിരുന്നു. 2015-16 ൽ ഇതിനായി പ്രൊജക്റ്റ് ആവിഷികരിച്ചെങ്കിലും ലൈൻ എക്സ്റ്റൻഷനുവേണ്ടി കെ.എസ്.ഇ.ബിയിൽ തുക നിക്ഷേപിച്ചിരുന്നില്ല.

2)ഫയൽ പ്രകാരം മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കലിന്റെ ടെൻഡർ 29/3/17ന് ശ്രീ.കെ.എസ്.സുരേഷ് എന്നകരാറുകാരൻ അടങ്കൽ നിരക്കിൽ സമർപ്പിച്ചിട്ടുള്ളത്.അന്നു തന്നെ വെള്ളപ്പേപ്പറിൽ ഈ നിര്കകിൽ ചെയ്യാമെന്ന ടിയാൻ എഴുതിതന്നിട്ടുമുണ്ട്.2015-16 ൽ ആവിഷ്കരിച്ച ഈ പദ്ധതി എന്തുകൊണ്ടാണ് വൈകിയതെന്നവിവരം ഫയലില്ല.

3)23/12/17 ന് അസി.എൻജിനീയർ AE/LSGD/1/17നം.കത്ത് പ്രകാരം 438000 രൂപക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 251513 രൂപ ബാക്കിയുണ്ടെന്നും ആയതിനാൽ വൈദ്യുതി കണക്ഷന് അടങ്കലിൽ വകയിരുത്തിയ ഒന്നരലക്ഷം രൂപക്ക് പരിഷ്കരിച്ച അടങ്കൽ തയ്യാറാക്കണമെന്ന് കാണിച്ച് തൃശ്ശൂർ ജില്ലാ പഞ്ചായത്തിലെ എക്സി.എൻജിനീയർക്ക് കത്ത് നൽകിയിരുന്നു. ആയതിന് ഇലക്ട്രിക്കൽ വിഭാഗം സാങ്കേതിക കമ്മിറ്റിയിലെ അംഗം നൽകിയ സബ്മിഷനിൽ സൂചിപ്പിച്ചത് കെ.എസ്.ഇ.ബി യിൽ നേരത്തെ പൈസ അടക്കാതെ പൂർത്തീകരിച്ച വേളയിൽ 229403 രൂപ അടക്കണമെന്നുള്ള കാര്യത്തിൽ എസ്റ്റിമേറ്റിൽ പുനർനിർണയം നടത്തുവാൻ കഴിയുകയില്ല എന്നാണ് പരാമർശിച്ചിരിക്കുന്നത്. 2015-16 ലെ നിർവഹണാധികാരിയായിരുന്ന ഉദ്യോഗസ്ഥർ യഥാസമയം ലൈൻ എക്സ്റ്റൻഷനുള്ള നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ നല്ലൊരു തുകയുടെ പാഴ്ചെലവ് ഒഴിവാക്കാമായിരുന്നു.

4.കെ.എസ്.ഇ.ബി.യിൽ തുക അടവാക്കിയതിന്റെ കൈപ്പറ്റ് വിവരങ്ങൾ ,കരാർ,പൂർത്തീകരണവിവരങ്ങൾ എന്നിവ ഫയലില്ല.

അനുബന്ധവിവരങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ
പ്രൊജക്റ്റ് നം.320/18,അടങ്കൽ -516575 ലോകബാങ്ക് ധനസഹായം

170000ഗ്ര.വിഹിതം (അടവാക്കിയിട്ടുണ്ട്)

ആകെ 686575

വൈദ്യുതീകരണത്തിന് സാങ്കേതികാനുമതി ലഭിച്ചതിന്റെ നം. TS.31/EE/LSGD/Ele.Commitee2015-16 /2/12/16

സാ.അനുമതി ലഭിച്ച തുക 438000
(എൻക്വയറി നം.20/22.12.18 ന് മറുപടി ലഭ്യമാക്കേണ്ടതാണ്.)

## 3-8 തുരുമ്പിക്കുളം സ്വിമ്മിങ് പൂളാക്കി മാറ്റൽ പ്രൊജക്റ്റ് ഫലപ്രദമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ തുരുമ്പിക്കുളം സ്വിമ്മിങ് പൂളാക്കി മാറ്റുന്നതിന്റെ ഭാഗമായി ഒന്നാം ഘട്ട പ്രൊജക്റ്റ് നം.138/18 പ്രകാരം 250000/- (BILL NO-80/30/1/18) രൂപയും രണ്ടാം ഘട്ടം 224978/- (BILL NO-89/26/2/8) രൂപയും ചെലവഴിച്ചിട്ടുണ്ട്. പ്രബലിത സിമന്റ് ഉപയോഗിച്ച് അടിത്തറ കോമ്പൗണ്ട് വാൾ പണിയാൻ ക്വാറിമക്ക് ഉപയോഗിച്ച് സമീപമുള്ള റോഡ് ഫില്ലിന്റെ ഡിസൈനർ ടൈൽ, സ്റ്റെപ്പുകൾ പതിക്കൽ, പടവ് നിർമ്മാണം. ഹാന്റ് റെയിൽ സ്ഥാപിക്കൽ എന്നിവയാണ് ചെയ്ത പ്രവൃത്തികൾ. ഗ്രാമപഞ്ചായത്തിലെ തേഡ് ഗ്രേഡ് ഓവർസിയർ ശ്രീമതി. പി.കെ. സിന്ധുവിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ഈ കുളം പായൽ നിറഞ്ഞ് കിടക്കുന്നതായി കണ്ടു. കുളത്തിലെ പായൽ എത്രയും വേഗം നീക്കം ചെയ്ത് ആയത് നീന്തലിന്റെ ആവശ്യങ്ങൾക്കുവേണ്ടി പ്രയോജനപ്പെടുത്തേണ്ടതാണ്.

## 3-9 കണ്ണിക്കര സോപ്പ് നിർമാണ യൂണിറ്റ് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

സാമ്പത്തികവർഷം 608000 (പ്രൊജക്റ്റ് നം.124/18,ബിൽ നം.167/23/3/18) രൂപ ഗ്രാമപഞ്ചായത്തിലെ കണ്ണിക്കര എന്നസ്ഥലത്തുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ ഫ്ലവർ മിൽ, സോപ്പ് നിർമാണയൂണിറ്റ് എന്നിവയുടെ അറ്റകുറ്റപ്പണിക്കായി വിനിയോഗിച്ചിട്ടുണ്ട്. ഫ്ലവർ യൂണിറ്റ് പ്രവർത്തനക്ഷമമാണെങ്കിലും സോപ്പ് നിർമാണയൂണിറ്റ് നാളുകളായി പ്രവർത്തിക്കുന്നില്ല. സന്ദർശനവേളയിൽ ഈ യൂണിറ്റിന് ഒരു മുറിയിൽ സോപ്പ് നിർമാണം, ബാഗ് നിർമാണം എന്നിവയുമായി ബന്ധപ്പെട്ട പഴയയന്ത്രസാമഗ്രികൾ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. എത്രയും വേഗം സോപ്പ് നിർമാണയൂണിറ്റ് പ്രവർത്തനക്ഷമമാക്കി ഗ്രാമപഞ്ചായത്തിന്റെ ആസ്തിവർധനവ് ഉറപ്പുവരുത്തേണ്ടതാണ്.

## 3-10 13നം.അംഗനവാടി - ശോചനീയാവസ്ഥ പരിഹരിക്കേണ്ടതാണ്.

പഞ്ചായത്ത് ഭരണസമിതിയുടെ 572/16/8/17നം.തീരുമാനത്തിൽ ഈ അങ്കണവാടി ജീർണാവസ്ഥയിലാണെന്നുള്ള കാര്യം വർക്കർ ശ്രീമതി.കെ.കെ.സീത അറിയിച്ചിട്ടുള്ളതായി പരാമർശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ തേഡ് ഗ്രേഡ് ഓവർസിയർ ശ്രീമതി.പി.കെ. സിന്ധുവിന്റെ

സാന്നിധ്യത്തിൽ നടത്തി സ്ഥലപരിശോധനയിൽ അങ്കണവാടിയുടെ മേൽക്കൂരയിൽ പലയിടത്തും പ്ലാസ്റ്ററിങ് അടർന്ന് കമ്പി പുറത്ത് കാണാമായിരുന്നു. എത്രയും വേഗം ഈഅംഗനവാടിയുടെ ശോചനീയമായ അവസ്ഥ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ ഭരണസമിതിയുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണ്.

## 3-11 പാലിയേറ്റീവ് കെയർ-മരുന്ന് ലഭ്യമായില്ല

പ്രോജക്റ്റ് -158/18 പെയിൻ & പാലിയേറ്റീവ്

നിർവ്വഹണം-മെഡിക്കൽ ഓഫീസർ (പ്രാഥമികാരോഗ്യകേന്ദ്രം )

ആകെ ചെലവ് തുക -690640

ട്രഷറി ബിൽ നമ്പർ 9 തീ 16/2/2018 ആയി 2,50,000 രൂപ മേൽ പ്രോജക്റ്റിന്റെ ഭാഗമായി മരുന്നു വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറി നൽകിയിട്ടുണ്ട്. നാളിതുവരെ 2,32,026 രൂപയുടെ മരുന്നുകളാണ് കാരുണ്യ മെഡിക്കൽ ഡിപ്പോ വഴി കോർപ്പറേഷൻ നല്കിയിട്ടുള്ളത്. ബാക്കി 17,974 രൂപയുടെ മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ലഭ്യമാക്കിയ മരുന്നുകളുടെ ബില്ലുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നമ്പർ | തീയ്യതി | തുക |
|---|---|---|---|
| 1 | 1217 | 27/4/18 | 14,313 |
| 2 | 220 | 7/5/18 | 6,153 |
| 3 | 1205 | 26/4/2018 | 40,995 |
| 4 | 4254 | 5/7/18 | 1,12,318 |
| 5 | 5390 | 26/7/18 | 4838 |
| 6 | 5470 | 28/7/18 | 3682 |
| 7 | 905 | 28/8/18 | 6244 |
| 8 | 6251 | 9/8/18 | 5140 |
| 9 | 6987 | 20/8/18 | 34722 |
| 10 | 8443 | 17/9/18 | 2745 |
| 11 | 12150 | 9/11/18 | 876 |
| ആകെ | | | 232026 |

2/18 ൽ തുക നൽകിയെങ്കിലും 11 തവണകളായി മരുന്നുകൾ കുറഞ്ഞ അളവിൽ ലഭിക്കുന്നത് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കുന്നതാണ്. മരുന്നുകൾ സമയബന്ധിതമായും പൂർണമായും ലഭിക്കുന്നതിന് സ്ഥാപനവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ.ബാക്കി മരുന്നുകൾ പൂർണമായും ലഭ്യമാകുന്നതുവരെ 17,974 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്റ്റുകൾ- പരിശോധന സാധ്യമാകുന്ന രീതിയിൽ വൗച്ചറുകൾ പൂർണമായോ ക്രമമായോ ഓഡിറ്റിന് ഹാജരാക്കിയില്ല-ചെലവ് തുക 54,21,615 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഐ.സി.ഡി.എസ് സൂപ്പർവൈസർ ട്രഷറി ബിൽ ബുക്ക്, കാഷ്ബുക്ക്, അക്വിറ്റൻസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ട്രഷറിബില്ലുകൾ, ഓഡിറ്റ് എൻക്വയറി 3 തീ 17/12/18 നല്കിയതു പ്രകാരം ഹാജരാക്കിയെങ്കിലും

പരിശോധന സാധ്യമാകുന്ന രീതിയിൽ വൗച്ചറുകൾ പൂർണമായോ ക്രമമായോ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ട്രഷറി ബില്ലുകളുടെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ പ്രോജക്റ്റ് അടിസ്ഥാനത്തിലോ അല്ലാത്തപക്ഷം നമ്പറിട്ട് ക്രമമായോ എല്ലാ രേഖകളും പരിശോധിക്കാനാവുന്ന രീതിയിൽ വൗച്ചറുകളും ചെലവു രേഖകളും സൂക്ഷിച്ചിട്ടില്ല. മറിച്ച് loose sheet കളായാണ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയത്. അക്വിറ്റൻസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ അപൂർണമാണ്. ചെലവു രേഖകൾ ഇപ്രകാരം ഹാജരാക്കിയതിനാൽ പരിശോധന സാധ്യമായില്ല. ട്രഷറി ബില്ലിനോടൊപ്പം രേഖകൾ ലഭ്യമായ പ്രോജക്റ്റ് നമ്പർ 152/18 അംഗൻവാടികൾക്ക് ധാന്യസംഭരണി എന്ന പ്രോജക്റ്റ് മാത്രമാണ് പരിശോധനയ്ക്ക് വിധേയമാക്കാൻ സാധിച്ചത്. പരിശോധന സാധ്യമാകാത്തതിനാൽ ബാക്കി പ്രോജക്റ്റുകളുടെ ചെലവ് തുകയായ 54,21,615 രൂപ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ കൃത്യമായി ഫയൽ ചെയ്ത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 11 തീ 20/12/2018) ക്ഷേമകാര്യ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ, ഭരണസമിതി എന്നിവയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു. നിർവ്വഹണോദ്യഗസ്ഥർ സുതാര്യമായ രീതിയിൽ ചെലവ് രേഖകൾ സൂക്ഷിക്കുന്നതിനും ഓഡിറ്റ് വേളയിൽ രേഖകൾ ഹാജരാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

| ക്ര.ന | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് | ട്രഷറി ബിൽനമ്പർ/ ട്രഷറി ചെക്ക് നമ്പർ | തീയ്യതി | തുക | ആകെ തുക |
|---|---|---|---|---|---|---|
| 1. | 153/18 | അങ്കണവാടി പ്രവർത്തകർക്ക് അധികവേതനം | ട്രഷറി ടി.എസ്.ബി ചെക്ക് നമ്പർ 3021239 | 21/8/2017 | 1,41,869 | 1,41,869 |
| 2. | 183/18 | അങ്കണവാടി അനുപൂരക പോഷകാഹാരം | 1 | 30/8/2017 | 4,92,747 | 19,89,508 |
| | | | 2 | 30/8/2017 | 2,76,683 | |
| | | | 4 | 13/12/2017 | 5,52,474 | |
| | | | 7 | 30/1/2018 | 65,730 | |
| | | | 10 | 17/3/2018 | 16,616 | |
| | | | 12 | 17/3/2018 | 3,92,807 | |
| | | | 16 | 31/3/2018 | 17,701 | |
| | | | ട്രഷറി ടി.എസ്.ബി ചെക്ക് നമ്പർ 2748065 | 27/3/2018 | 1,74,750 | |
| 3. | 214/18 | അങ്കണവാടി അനുപൂരക പോഷകാഹാരം | 14 | 17/3/2018 | 20561 | 20,561 |

| | | | | | | |
|---|---|---|---|---|---|---|
| 4. | 185/18 | അങ്കണവാടി പ്രവർത്തകർക്ക് അധികവേതനം | 3 | 30/8/2017 | 7,03,742 | 14,92,867 |
| | | | 6 | 11/1/2018 | 4,09,572 | |
| | | | 9 | 30/1/2018 | 1,50,744 | |
| | | | 11 | 17/3/2018 | 1,292 | |
| | | | ട്രഷറി ടി.എസ്.ബി ചെക്ക് നമ്പർ 2748068 | 28/3/18 | 1,03,596 | |
| | | | 2748067 | 27/3/18 | 1,23,921 | |
| 4. | 154/18 | ഡേ കെയർ സെന്റർ | 5 | 28/2/2018 | 16,744 | 16,744 |
| 5. | 188/18 | ഡേ കെയർ സെന്റർ | 17 | 31/3/2018 | 25,000 | 61,766 |
| | | | 18 | 31/3/2018 | 36,766 | |
| 6. | 206/18 | ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നൽകൽ | 15 | 17/3/2018 | 7,00,000 | 15,00,000 |
| | | | ട്രഷറി സ്പെഷൽ ടി.എസ്.ബി ചെക്ക് നമ്പർ 9844001 | 28/3/18 | 4,50,000 | |
| | | | 9844002 | 27/3/2018 | 1,37,500 | |
| | | | 9844003 | 27/3/2018 | 2,12,500 | |
| 7. | 215/18 | എസ്.സി ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നൽകൽ | 8 | 30/1/2018 | 60,000 | 1,98,300 |
| | | | 19 | 28/3/2018 | 1,38,300 | |
| | | | | | 54,21,615 | |

## 3-13 അങ്കണവാടികൾക്ക് ധാന്യസംഭരണി വാങ്ങൽ - വാങ്ങൽ നടപടി പൂർത്തീകരിക്കാൻ 25 മാസം-നടപടി ക്രമങ്ങളിൽ വീഴ്ച- 99,279 രൂപ തടസ്സപ്പെട്ടുത്തുന്നു

പ്രോജക്റ്റ് -152/18 -അംഗൻവാടികൾക്ക് ധാന്യസംഭരണി
നിർവ്വഹണം -ഐ.സി.ഡി.എസ് സൂപ്പർവൈസർ

വൌച്ചർ- 21701754 തീ 13/3/2018 തുക 99,279
ഈ പ്രോജക്റ്റ് പ്രകാരം 41 അംഗൻവാടികൾക്ക് ധാന്യസംഭരണി വാങ്ങി നല്കാൻ വിഭാവനം ചെയ്തിരുന്നു. 2015-16 ൽ തുടങ്ങിയ പ്രോജക്റ്റ് 2017-18 ലാണ് പൂർത്തീകരിച്ചത്. പ്രോജക്റ്റിന്റെ നടത്തിപ്പിൽ കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

3.13.1.ധാന്യസംഭരണി വാങ്ങാൻ 9/1/2016 ൽ പരസ്യം നൽകുകയും 29.1.2016 ൽ താരതമ്യ പത്രിക തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. സാമ്പിൾ പരിശോധിച്ച ശേഷം ടെണ്ടർ അംഗീകരിക്കുന്നതിന് പ്രോക്യൂർമെന്റ് കമ്മിറ്റി ഭരണസമിതിയോട് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ 25 മാസങ്ങൾക്ക് ശേഷം 3/3/18 ൽ

മാത്രമാണ് ധാന്യസംഭരണി വാങ്ങുന്നത്.കാലതാമസം നേരിടാനുണ്ടായ കാരണം വ്യക്തമല്ല.

3.13.2 ഫേം പിരീഡ് വ്യക്തമാക്കാതെ വിളിച്ച ടെണ്ടർ സ്വീകരിച്ച് മാസങ്ങളും വർഷങ്ങളും കഴിഞ്ഞ് സപ്ലൈ ഓർഡർ നൽകിയതിനാൽ ടെണ്ടറിൽ പങ്കെടുത്ത 4 കക്ഷികളിൽ നിരക്ക് രേഖപ്പെടുത്തിയ 3 കക്ഷികളും പിൻമാറിയതായും അവസാനം കൂടുതൽ നിരക്ക് ക്വാട്ട് ചെയ്ത ഫിഡ്കോ കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് ധാന്യസംഭരണി വാങ്ങിയതായും കാണുന്നു.

3.13.3.ധാന്യസംഭരണി വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3.13.4 ഫയലിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം പ്രോക്യൂർമെന്റ് നടത്തിപ്പിൽ നിർവ്വഹണോദ്യസ്ഥർ നടപടിക്രമങ്ങളിൽ നിന്ന് വ്യതിചലിച്ചതായി കാണുന്നു. ന്യൂനതകൾ താഴെ ചേർക്കുന്നു.

| തീയ്യതി | നടപടികൾ | ന്യൂനതകൾ |
|---|---|---|
| 7.1.2016 | ടെണ്ടർ നോട്ടീസ് (സ്റ്റീൽ,50 കി.ഗ്രാം ,മൂടി ഉള്ളത് 41 എണ്ണം) | . |
| 9.1.2016 | ടെണ്ടർ പരസ്യം | |
| 29.1.2016 | താരതമ്യ പത്രിക തയ്യാറാക്കൽ<br><br>ഫിഡ്കോ എന്റർപ്രൈസസ്-1992,2422,2722<br><br>സൂപ്പർഷൈൻ ഇൻഡസ്ട്രീസ്-2225,1880 ജിയോ പോൾ വടക്കേപീടിക-1900 ജോൺസൺ ഫിറ്റ്വെൽ-2222 | 1.ടെണ്ടർ ഫോമുകളിൽ സ്ഥാപനങ്ങൾ നിരക്ക് രേഖപ്പെടുത്തിയ ഭാഗം ഇപ്പോൾ ഫയലിൽ കാണുന്നില്ല. |
| 5.4.2016 | സൂപ്പർഷൈൻ ഇൻഡസ്ട്രീസ് മാത്രമാണ് സാമ്പിൾ ഹാജരാക്കിയതെന്ന ICDS സൂപ്പർവൈസറുടെ റിപ്പോർട്ട് | 1.റിപ്പോർട്ടിന്മേൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമല്ല. |
| 9.12.2016 | കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ സൂപ്പർഷൈൻ ഇൻഡസ്ട്രീസ് ക്വട്ടേഷനിൽ നിന്ന് പിൻമാറി.<br><br>ഇ.എം.ഡി തിരികെ ലഭിക്കുന്നതിന് അപേക്ഷ.. | 1.1.പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമല്ല.<br><br>2.സപ്ലൈ ഓർഡർ ലഭ്യമല്ല.<br><br>3.ടെണ്ടർ വിളിച്ചപ്പോൾ ഫേം പിരീഡ് രേഖപ്പെടുത്തിയില്ല.<br><br>4.ഇ.എം.ഡി തിരികെ നൽകിയോയെന്ന് വ്യക്തമല്ല. |
| 10.1.2017 | 1.സൂപ്പർഷൈൻ ഇൻഡസ്ട്രീസ് ,ജിയോ പോൾ വടക്കേപീടിക എന്നിവർ രേഖപ്പെടുത്തിയ വിലക്ക് വിതരണം ചെയ്യാൻ സാധ്യമല്ല | 1.ഇ.എം.ഡി തിരികെ നൽകിയോയെന്ന് വ്യക്തമല്ല.<br><br>2.സാമ്പിൾ ലഭ്യമാക്കിയതിന്റെയോ പരിശോധനയുടെയോ രേഖകൾ ലഭ്യമല്ല. |

| | | |
|---|---|---|
| | എന്നറിയിച്ചതിനാൽ ജോൺസൺ ഫിറ്റ്വെൽ കുരിയിച്ചിറ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചു<br>2.നിരതദ്രവ്യം അടക്കാത്തതിനാൽ ഫിഡ്കോ എന്റർപ്രൈസസിന്റെ ടെണ്ടർ നിരസിച്ചു<br>(തീരുമാനം 10/1/2017 , തീരുമാനം 10) | |
| 12.1.2017 | ജോൺസൺ ഫിറ്റ്വെൽ സപ്ലൈ ഓർഡർ, (തീരുമാനം 10/1/2017 , തീരുമാനം 10) | 1.സ്റ്റോർ പർച്ചേസ് മാനവൽ പ്രകാരമുള്ള നിശ്ചിത പ്രഫോർമയിൽ അല്ല,സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല.<br>2.സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇല്ല 3.കരാർ ഇല്ല. |
| 25.2.2017 | ജോൺസൺ ഫിറ്റ് വെല്ലിനെ ഒഴിവാക്കി, ICDS സൂപ്പർവൈസറുടെ നടപടിക്രമം | 1.പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഇല്ല. |
| 26.2.2017 | ഫിഡ്കോയ്ക്ക് സപ്ലൈ ഓർഡർ | 1.സ്റ്റോർ പർച്ചേസ് മാനവൽ പ്രകാരമുള്ള നിശ്ചിത പ്രഫോർമയിൽ അല്ല,സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല.<br>2.സാമ്പിൾ ലഭ്യമാക്കിയതിന്റെയോ പരിശോധനയുടെയോ രേഖകൾ ലഭ്യമല്ല.<br>3.പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഇല്ല.<br>4.പഞ്ചായത്ത് കമ്മിറ്റി നിരസിച്ച സ്ഥാപനത്തിന് കമ്മിറ്റിയുടെ അനുവാദമില്ലാതെയും നിരക്ക്നിശ്ചയിക്കാതെയും ഓർഡർ നല്കി<br>5.ഫിഡ്കോയുടെ കുറഞ്ഞനിരക്ക് 1992 ആയിരിക്കേ 2422 രൂപയുടെ സംഭരണി വാങ്ങി.<br>6.വർഷങ്ങൾക്ക് മുമ്പുള്ള ടെണ്ടറിൽ താരതമ്യേന കൂടുതൽ നിരക്ക് ക്വാട്ട് ചെയത് സ്ഥാപനത്തിന് |

| | | |
|---|---|---|
| | | സപ്ലൈ ഓർഡർ നല്കുന്നതിന് മുമ്പ് ടെണ്ടർ റദ്ദാക്കി റീ ടെണ്ടറിനുള്ള സാധ്യത ആരാഞ്ഞില്ല. |
| 28.09.2017 | വീണ്ടും ഫീഡ്കോയ്ക്ക് സപ്ലൈ ഓർഡർ | ....ടി..... |
| 2.03.2018 | സപ്ളൈ 41 എണ്ണം 2421 രൂപ നിരക്കിൽ (ബിൽ 344 തീ 2/3/18 രൂപ 99,279) (വൗച്ചർ 21701754 തീ 13/3/2018) | .....ടി..... |

മേൽ ന്യൂനതകൾ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. ന്യൂനതകൾക്ക് മറുപടി ലഭ്യമാക്കുന്നതു /പരിഹരിക്കുന്നതു വരെ ചെലവ് തുക 99,279 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 11 തീ 20/12/2018)

## 3-14 ലാപ്പ്ടോപ്പ് വാങ്ങൽ- കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ കണ്ടെത്തുന്നതിൽ ആശയകുഴപ്പം-59,886 രൂപ നഷ്ടം.

പ്രോജക്റ്റ് - 180/18- എസ്.സി കുട്ടികൾക്ക് ലാപ് ടോപ്പ് വിതരണം

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

| ക്രമ നം. | ബിൽ നമ്പർ | തീയ്യതി | തുക | തുക നൽകിയതിന്റെ വിവരങ്ങൾ | | | | | ഇനം |
|---|---|---|---|---|---|---|---|---|---|
| | | | | കൈപ്പറ്റിയത് | ഇൻവോയ്സ് നമ്പർ | തീയ്യതി | തുക | രസീറ്റ് നമ്പർ | |
| 1. | 22 | 20/3/2018 | 5,59,486 | ഫസ്റ്റ ഇൻഫോർമേഷൻ ടെക്നോളജി പ്രൈ ലി. | FI/17-18 /00888 | 15/03/2018 | 559486 | 67/ 19/3/2018 | 1.ലാപ്പ്ടോപ്പ് 20 -521483.30 രൂപ<br>2.മൌസ് -20എണ്ണം 4999.19 രൂപ<br>3.ക്യാരി കേസ് -30 എണ്ണം 33003.42 |
| ചെലവ് രേഖപ്പെടുത്തിയത് ശീർഷകം- 251301102. Special Programmes for scheduled tribes-TSP | | | | | | | | | |

3.11.1 മേൽ പ്രോജക്റ്റ് പ്രകാരം ലാപ്പ് ടോപ്പ് വാങ്ങുന്നതിന് ടെണ്ടർ ഐ.ഡി 2018_DP_182050_2 ആയി ഇ-ടെണ്ടർ ക്ഷണിക്കുകയും 4 സ്ഥാപനങ്ങൾ ഇ ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. ഇ-ടെണ്ടർ സൈറ്റിൽ നിന്നും ലഭിച്ച താരതമ്യ പത്രിക പ്രകാരം സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | സ്ഥാപനം | ക്വാട്ട് ചെയ്ത നിരക്ക് | | |
|---|---|---|---|---|
| | | ഒരു ലാപ് ടോപ്പിന്റെ വില | 20 എണ്ണത്തിന്റെ വില | 20 എണ്ണത്തിന്റെ വില നികുതി ഉൾപ്പെടെ |

| | | | | |
|---|---|---|---|---|
| 1. | ഹൈപ്പർടെക് സിസ്റ്റം | 28,450 | 5,69,000 | 5,69,000 |
| 2. | ടെക്നോവേൾഡ് ദി ഐ ടി സ്റ്റോർ | 24,980 | 4,99,600 | 4,99,600 |
| 3. | പവർ സി.എം.എസ് ടെക്നോളജി | 25,000 | 5,00,000 | 5,90,000 |
| 4. | ഫസ്സ ഇൻഫോർമേഷൻ ടെക്നോളജി പ്രൈ ലി. | 23,707 | 4,74,140 | 5,59,485.20 |

നികുതികൾ ഉൾപ്പെടെയുള്ള തുകയാണ് ലാപ്പ്ടോപ്പിന്റെ വില എന്നതിനാൽ "ടെക്നോവേൾഡ് ദി ഐ ടി സ്റ്റോർ " എന്ന സ്ഥാപനം ആണ് കുറവ് നിരക്ക് ക്വാട്ട് ചെയ്തിരിക്കുന്നത്. എന്നാൽ ഇ ടെണ്ടർ സൈറ്റിൽ നിന്നും ലഭിച്ച താരതമ്യ പത്രികയിൽ നികുതി ഉൾപ്പെടുത്താതെയുള്ള ഒരു ലാപ് ടോപ്പിന്റെ വില, അപ്രകാരം 20 എണ്ണത്തിന്റെ വില എന്നിവയുടെ മാത്രം അടിസ്ഥാനത്തിൽ "ഫസ്സ ഇൻഫോർമേഷൻ ടെക്നോളജി പ്രൈ ലി. "എന്ന സ്ഥാപനത്തെ കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനമായി (L1)കണക്കാക്കി,താരതമ്യ പത്രിക സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കാതെ ഭരണസമിതി " കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (നികുതി ഉൾപ്പെടാതെയുള്ള നിരക്ക് -23707 രൂപ )"എന്ന കാരണം രേഖപ്പെടുത്തി "ഫസ്സ ഇൻഫോർമേഷൻ ടെക്നോളജി പ്രൈ ലി. "ന്റെ ക്വട്ടേഷൻ നിരക്ക് അംഗീകരിച്ചു.(തീരുമാനം 2(1) തീ 28/2/2018).(ടാക്സ് ഉൾപ്പെടാതെയുള്ള കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് "ഫസ്സ ഇൻഫോർമേഷൻ ടെക്നോളജി പ്രൈ ലി. "എന്ന സ്ഥാപനമാണെന്നും ടാക്സ് ഉൾപ്പെടെയുള്ള കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് "ടെക്നോവേൾഡ് ദി ഐ ടി സ്റ്റോർ " എന്ന സ്ഥാപനം ആണ് എന്നും താരതമ്യ പത്രികയിൽ രേഖപ്പെടുത്തൽ ഉണ്ട്). തുടർന്ന് നിർവ്വഹണോദ്യോഗസ്ഥ മേൽ പട്ടിക 1 ൽ സൂചിപ്പിച്ച വിവരങ്ങൾ പ്രകാരം 20 ലാപ്പ്ടോപ്പ്, 20 മൌസ്, 20 ക്യാരിബാഗ് എന്നിവ ഈ സ്ഥാപനത്തിൽ നിന്നും വാങ്ങി 5,59,486 രൂപ സ്ഥാപനത്തിന് നൽകുകയും ചെയ്തു.

നികുതി ഉൾപ്പെടെ 20 ലാപ് ടോപ്പുകൾക്ക് കുറഞ്ഞ തുക ക്വാട്ട് ചെയ്ത ( 4,99,600 രൂപ) "ടെക്നോവേൾഡ് ദി ഐ ടി സ്റ്റോർ" എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങാതെ "ഫസ്സ ഇൻഫോർമേഷൻ ടെക്നോളജി പ്രൈ ലി. "എന്ന സ്ഥാപനത്തിൽ നിന്ന് ലാപ് ടോപ്പുകൾ വാങ്ങിയതിനാൽ (5,59,486 രൂപ) 59,886 രൂപ പഞ്ചായത്ത് ഫണ്ടിൽ നഷ്ടം വന്നതായി കാണുന്നു. ഇപ്രകാരം നഷ്ടം സംഭവിക്കുന്നതിന് താഴെ ചേർത്തിരിക്കുന്ന വീഴ്ചകൾ കാരണമായി.

i)പ്രൊക്യൂർമെന്റ് കമ്മിറ്റി കൃത്യമായി യോഗം ചേർന്ന് ടെണ്ടറുകൾ പരിശോധിച്ചതിന് രേഖകളില്ല.ഓഡിറ്റിന് ഹാജരാക്കിയ പ്രോക്യൂർമെന്റ് കമ്മിറ്റി മിനുട്ട്സ് പ്രകാരം 23/9/2017 ൽ കൂടിയ യോഗത്തിൽ “ടെക്നിക്കൽ കോർഡിനേഷൻ കമ്മിറ്റിയുടെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ്പ്ടോപ്പുകൾ വാങ്ങാൻ തീരുമാനിച്ചു” എന്നാണ് രേഖപ്പെടുത്തൽ .വിലയോ താരതമ്യ പത്രികയോ പരിശോധിച്ചില്ല.(പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്ട്സ് തീരുമാനങ്ങൾ ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല)

ii)താരതമ്യ പത്രികയും ടെണ്ടറും സൂക്ഷ്മമായി പരിശോധിച്ച് ക്വാട്ട് ചെയ്ത വിലയുടെ വിവരങ്ങൾ കൃത്യമായി ഭരണസമിതി മുമ്പാകെ അവതരിപ്പിക്കാൻ നിർവ്വഹണോദ്യോഗസ്ഥക്ക് സാധിച്ചില്ല.

iii)പ്രൊക്യൂർമെന്റ് കമ്മിറ്റി ശുപാർശകളുണ്ടോയെന്ന് പഞ്ചായത്ത് കമ്മിറ്റി പരിശോധിച്ചിട്ടില്ല.നിർവ്വഹണോദ്യോഗസ്ഥ സമർപ്പിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം ടെണ്ടർ അംഗീകരിച്ചു.പഞ്ചായത്ത് കമ്മിറ്റി കുറഞ്ഞ നിരക്കിലുള്ള ലാപ്പ്ടോപ്പ് വാങ്ങാൻ തീരുമാനിച്ചതിനാലും യഥാർത്ഥത്തിൽ കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ നിരക്ക് തെറ്റായി പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കപ്പെട്ടതിനാലും ആയതിനാൽ കുറഞ്ഞ നിരക്കിനേക്കാൾ കൂടുതൽ നിരക്ക് ക്വാട്ട് ചെയ്ത

സ്ഥാപനം തെരെഞ്ഞെടുക്കപ്പെട്ട് കൂടുതൽ നിരക്കിൽ ലാപ്പ്ടോപ്പ് വാങ്ങിയതിനാലും ഉണ്ടായ നഷ്ടം തുക 59,886 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. താരതമ്യപത്രിക തെറ്റായി അവതരിപ്പിച്ചതിനാൽ ഉണ്ടായ നഷ്ടമായതിനാൽ തുക ഉത്തരവാദിയായ നിർവ്വഹണോദ്യഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

3.11.2 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം ചെയ്യു ഈ പ്രോജക്റ്റ് പ്രകാരമുള്ള ചെലവ് തുക "251301102. Special Programmes for scheduled tribes-TSP " എന്ന ശീർഷകത്തിലാണ് തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നത്.(പട്ടികജാതി വിഭാഗങ്ങൾക്കുള്ള വേണ്ടിയുള്ള പ്രോജക്റ്റിന്റെ ചെലവ് തുക പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പ്രോജക്റ്റുകളുടെ ചെലവ് തുകയായി രേഖപ്പെടുത്തിയിരിക്കുന്നു.)ചെലവ് തുകകൾ കൃത്യമായ ശീർഷകങ്ങളിൽ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്(റവന്യൂശീർഷകങ്ങളിലെ വ്യത്യാസമായതിനാൽ തുടർനടപടി നിർദ്ദേശിക്കുന്നില്ല.)
(ഓഡിറ്റ് എൻക്വയറി 1 തീ 18/12/2018)

## 3-15 വിവാഹധനസഹായം-അധികം നൽകിയ തുക 25,000 രൂപ തിരിച്ചടച്ചു.

സർക്കാർ ഉത്തരവ് (കൈ)4/2016 തീ 11.1.2016പ്രകാരമുള്ള 2016-17 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.5 അനുസരിച്ച് പട്ടിക ജാതി രക്ഷാകർത്താക്കളുടെ പെൺകുട്ടികളുടെ വിവാഹത്തിന് 50,000 രൂപ നിരക്കിൽ ധനസഹായം നൽകാവുന്നതാണ്. എന്നാൽ താഴെ ചേർത്തിരിക്കുന്ന ഗുണഭോക്താവിന്റെ മകളുടെ വിവാഹം 19.3.2017 ൽ നടന്നിട്ടുള്ളതും എന്നാൽ സർക്കാർ ഉത്തരവ് (കൈ)80/2017 തീ 03.04.2017പ്രകാരമുള്ള 2017-18 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 11.5 അനുസരിച്ച് 2017-18 ലെ ധനസഹായത്തിന്റെ നിരക്കായ 75,000 രൂപ നൽകിയതായും കാണുന്നു.

| അപേക്ഷകയുടെ പേര് | വധുവിന്റെ പേര് | വിവാഹം നടന്ന തീയ്യതി | വിവാഹ സർട്ടിഫിക്കറ്റ് നമ്പർ | നൽകാവുന്ന ധനസഹായം | നൽകിയ ധനസഹായം | കൂടുതൽ നൽകിയ തുക | ട്രഷറി ബിൽ നമ്പർ | തീയ്യതി |
|---|---|---|---|---|---|---|---|---|
| ശ്രീമതി ഷൈല അയ്യപ്പൻകുട്ടി | ആഷ പി.എ (മകൾ) | 19/3/2017 | 4645/2017 തീ 20/4/2017, രജിസ്ട്രാർ, ആളൂർ പഞ്ചായത്ത് | 50,000 | 75,000 | 25,000 | 7 | 28/9/2017 |

ഓഡിറ്റ് എൻക്വയറി 5 തീ 18/12/18 പ്രകാരം ഇത് ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് 25,000 രൂപ രസീറ്റ് നമ്പർ 118090106882 തീ 22/12/18 പ്രകാരം ശ്രീമതി ഷൈല അയ്യപ്പൻകുട്ടി യിൽ നിന്നും ഈടാക്കി തിരിച്ചടച്ചിട്ടുണ്ട്. ആയത് സഞ്ചിതനിധിയിലേയ്ക്ക് തിരിച്ചടക്കുമെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തുക അടവാക്കി ചലാൻ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സ്ഥാപനം | വർഷം | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 19125 | നെൽ കൃഷി വികസനം തരിശു ഭൂമിയിൽ- ജനറൽ | 19125 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 19125 | നെൽ കൃഷി വികസനം തരിശു ഭൂമിയിൽ- ജനറൽ | 19125 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 15300 | നെൽ കൃഷി വികസനം തരിശു ഭൂമിയിൽ- വനിത | 15300 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 15300 | നെൽ കൃഷി വികസനം തരിശു ഭൂമിയിൽ- വനിത | 15300 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 17000 | പച്ചക്കറി വികസനം വനിത | 17000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 17000 | പച്ചക്കറി വികസനം വനിത | 17000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 450000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക സ്കോളർഷിപ്പ് | 450000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 350000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക സ്കോളർഷിപ്പ് | 350000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 170000 | പാലിന് സബ്സിഡി | 170000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 140000 | പാലിന് സബ്സിഡി | 140000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | മാലിന്യ സംസ്കരണ | 243971 | 56029,ROP ആയി |

| | | | | | |
|---|---|---|---|---|---|
| | | | പ്ലാൻറ് സ്ഥാപിക്കൽ | | തിരിച്ചടച്ചിട്ടുണ്ട്. |
| ജില്ലാ പഞ്ചായത്ത് | 2017-18 | 250000 | മാലിന്യ സംസ്കരണ പ്ലാൻറ് സ്ഥാപിക്കൽ | 0 | 250000 |

# 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | തെരുവ് വിളക്കിന് സ്ട്രീറ്റ് ലൈൻ വലിക്കൽ | Bill No.14,17,20 | 2468045 | പ്രവൃത്തി നടന്നുവരുന്നു | |
| KSEB | സ്ട്രീറ്റ് ലൈനിന് മീറ്റർ സ്ഥാപിക്കൽ | Bill No.21,22 | 639420 | പ്രവൃത്തി നടന്നുവരുന്നു | |
| KWA | പട്ടികജാതി സങ്കേതത്തിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | Bill No.13 | 62000 | പ്രവൃത്തി നടന്നുവരുന്നു | |
| KWA | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | Bill No.15,16 | 2064000 | പ്രവൃത്തി നടന്നുവരുന്നു | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

# 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 521621 |
| തൻവർഷം നിക്ഷേപിച്ച തുക | 3000000 |
| ആകെ | 3521621 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 515730 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3005891 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| | Canara Bank | 31/01/2018 | 1 year | 3000000 | |
| ആകെ | | | | 3000000 | |

സ്ഥിരനിക്ഷേപത്തിന്റെ വിവരം

| ബാങ്കിന്റെ പേര് | രശീതി നം. | തുക |
|---|---|---|
| കനറാ ബാങ്ക്, കല്ലേറ്റുങ്കര | 976880/20.01.18 | 150000 |
| ,, | 976881/30.01.18 | 150000 |
| | ആകെ | 300000 |

5891/- രൂപയുടെ ഇക്വിറ്റി ഷെയറിന്റെ വിവരങ്ങൾ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | പാര 2-1 | 62505 | ഭാരതി ഇൻഫ്രാടെൽ നമ്പർ 1/324 | 1170905000 dtd 10.11.2017 |
| 2016-17 | പാര 2-1 | 28236 | ഐഡിയ 5/147 | 117090500080 dtd 10.11.2017 |
| 2016-17 | പാര 2-1 | 27505 | വോഡാഫോൺ | 117090500081 dtd 10.11.2017 |
| 2016-17 | പാര 2-1 | 100515 | ഐഡിയ 14/63 | 117090500086 dtd 15.12.2017 |
| 2016-17 | പാര 2-1 | 37067 | ഭാരതി ഇൻഫ്രാടെൽ | 117090500082 dtd 10.11.2017 |
| 2016-17 | പാര 2-1 | 14175 | ഐഡിയ 3/218 | 117090400020 dtd 16.02.2018 |
| 2016-17 | പാര 2-1 | 138400 | ഭാരതി ഇൻഫ്രാടെൽ 12/41A | 117090500118 dtd 16.03.2018 |
| 2016-17 | പാര 2-1 | 62148 | ഭാരതി ഇൻഫ്രാടെൽ14/79 | 117090500085 dtd 15.12.2017 |
| 2016-17 | പാര 2-1 | 95232 | വോഡാഫോൺ 17/304 | 117090500120 dtd 16.03.2018 |
| 2016-17 | പാര 2-3 | 13044 | ഷൈനി സണ്ണി | 117090104510 dtd 28.09.2017 |

| | | | | |
|---|---|---|---|---|
| 2016-17 | പാര 2-3 | 39378 | ഷൈനി സണ്ണി | 117090100017<br>dtd 03.04.2017 |

# 4-7 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10373802 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 108620614 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11428228 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,16,28,228 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-14 | - | 59,886 | ശ്രീമതി സബിയ എ.വി, അസി.സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 244674/- | ഡോ.സ്മിത.കെ.കെ,മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-2 | 312500/- | ഡോ.ജോസ് .സി ഐ,സീനിയർ വെറ്ററിനറി സർജൻ |
| 3-3 | 5631465/- | 47,76,600/-അബ്ദുൾ ഹക്കിം യു<br>6,54,865/-പി ആർ മോഹൻകുമാർ |
| 3-11 | 17,974 | ഡോ.സ്മിത.കെ.കെ,മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-12 | 54,21,615 | ഷാലിമ ടി. ഐ,ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 11428228 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സബിയ എ.വ്,<br>അസി.സെക്രട്ടറി | സെക്രട്ടറി, പുതുക്കാട്<br>ഗ്രാമ പഞ്ചായത്ത് | ഊലിക്കര വീട്<br>കൊരട്ടി സൗത്ത് പി.ഒ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1982-83 | എൽ.എഫ്.ടി.എസ് 2-11/24.10.2011 |
| 1983-84 | |
| 1984-85 | |
| 1985-86 | |
| 1986-87,87-88 | |
| 1988-89,89-90 | |
| 1990-91 | |
| 1991-92,92-93 | |
| 1993-94 | |
| 1994-95,1995-96 | |
| 1996-97(ചെലവ്) | എൽ.എഫ്.ടി.13-656/97/15.6.1999<br>/20.9.1999 |
| 1996-97(വരവ്) | എൽ.എഫ്.ടി.13-919/02/8.8.2002<br>/27.1.2003 |
| 1997-98(ചെലവ്) | എൽ.എഫ്.ടി.13-208/99/19.6.1999<br>/20.9.1999 |
| 1997-98(വരവ്) | എൽ.എഫ്.ടി.13-373/04/1.6.2004<br>/14.9.2004 |
| 1998-99(ചെലവ്) | എൽ.എഫ്.ടി.13-58/01/10.4.2001<br>/13.5.2001 |
| 1998-99(വരവ്) | എൽ.എഫ്.ടി.13-1482/07/22.10.2007<br>/4.12.2007 |
| 1999-2000(ചെലവ്) | എൽ.എഫ്.ടി.13-247/03/16.6.2003<br>/17.9.2003 |

| | |
|---|---|
| 1999-2000(വരവ്) | എൽ.എഫ്.ടി.13-1482/07/22.10.2007 /4.12.2007 |
| 2000-01 | എൽ.എഫ്.ടി.13-1483/07/7.12.2007 /3.1.2008 |
| 2001-02 | എൽ.എഫ്.ടി.13-595/08/1.11.2008 |
| 2000-01,01-02(പ്ളാൻ) | എൽ.എഫ്.ടി.13-1544/03/3.6.2004 |
| 2002-03 | എൽ.എഫ്.ടി.13-640/08/5.11.2008 |
| 2003-04 | എൽ.എഫ്.ടി.13-11/09/21.12.2009 |
| 2004-05 | എൽ.എഫ്.ടി.13-12/09/21.12.2009 /26.3.2010 |
| 2005-06 | എൽ.എഫ്.ടി.13-1306/09/17.9.2010 |
| 2006-07 | എൽ.എഫ്.ടി.13-879/09/17.9.2009 |
| 2007-08 | എൽ.എഫ്.ടി.പി14-693/11/30.12.2011 /18.5.2012 |
| 2008-09 | എൽ.എഫ്.ടി.പി 4-1011/12/6.9.2012 |
| 2009-10 | എൽ.എഫ്.ടി.പി 4-1012/12/6.9.2012 |
| 2010-11 | എൽ.എഫ്.ടി.പി 4-1013/12/6.9.2012 /2.3.13 |
| 2011-12 | എൽ.എഫ്.ടി.പി 4-1169/13/9.1.2014 /4.3.2014 |
| 2012-13 | എൽ.എഫ്.ടി.പി 4-585/14/7.5.14/4.7.14 |
| 2013-14 | എൽ.എഫ്.ടി.പി 4-1885/2014/5.02.15 |
| 2014-15 | എൽ.എഫ്.ടി.പി 4-925/16/16.06.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി.4) 1995/16 തീയതി 22.11.16/16.1.17 |
| 2016-17 | നം കെ.എസ്.എ.ടി.എസ്.ആർ(പി.4)1324/2017 തീയതി: 02.11.2017 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ആളൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആളൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ